പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3758 | 14.03.2017 ൽ മറുപടിയ്ക്ക്

മാവേലിസ്റ്റോർ വഴി സബ് സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. രാജഗോപാലൻ | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) | മാവേലി സ്റ്റോർ വഴി ഇപ്പോൾ ഏതൊക്കെ ഭക്ഷ്യ വസ്തുക്കളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതെന്നും ഇതിനായി സർക്കാർ എത്ര രൂപ പ്രതിവർഷം സബ് സിഡിയായി നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, തുവരപ്പരിപ്പ്, വൻപയർ, വെളിച്ചെണ്ണ, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ടയരി, ജയ അരി, കുറവ അരി, ഓ.എം.എസ്.എസ് പുഴക്കലരി, ഓ.എം.എസ്.എസ് പച്ചരി, ആന്ധ്രാ ഇതര ജയ അരി എന്നിവ മാവേലി സ്റ്റോർ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 150 കോടി രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പൊതുവിപണിയെക്കാളും വിലകൂട്ടി വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾ ഏതൊക്കെയെന്നും ഇത് പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ? | (ബി) പൊതു വിപണിയേക്കാളും വില കൂട്ടി യാതൊരു നിത്യോപയോഗ സാധനങ്ങളും വില്പന നടത്തുന്നില്ല |

സെക്ഷൻ ഓഫീസർ